# വേണ്ടത് ഭാഷാഭ്രാന്തല്ല, ഭാഷാസ്നേഹം -ഉമ്മൻചാണ്ടി

**തൃശ്ശൂർ:** കേരളത്തിനാവശ്യം ഭാഷാഭ്രാന്തല്ല, ഭാഷാസ്നേഹമാണെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി. ശ്രേഷ്ഠഭാഷാപദവി ലഭിച്ചതുകൊണ്ടുമാത്രം കാര്യമില്ലെന്നും ഭാഷയുടെ വളർച്ചയ്ക്ക് എല്ലാവരും മുന്നിട്ടിറങ്ങണമെന്നും അദ്ദേഹം പറഞ്ഞു. കേരള സാഹിത്യ അക്കാദമിയുടെ വിശിഷ്ടാംഗത്വ-സമഗ്രസംഭാവനാ പുരസ്കാരസമർപ്പണച്ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

മലയാളത്തിനും സാഹിത്യത്തിനുമുള്ള അംഗീകാരമാണ് സക്കറിയയ്ക്കും എം.പി. വീരേന്ദ്രകുമാറിനും നൽകുന്നത്. മലയാളത്തെ പരിപോഷിപ്പിക്കാൻ മലയാളം അറിഞ്ഞിരിക്കണം. വർഗ്ഗീയതാത്പര്യങ്ങൾക്കെതിരെ സ്വതന്ത്രമായ ശബ്ദം ആരുടെയും മുഖംനോക്കാതെ പറയാൻ കഴിയുന്ന എഴുത്തുകാരനാണ് സക്കറിയ. നീതി നിഷേധിക്കപ്പെടുന്നവർക്കായി നിലകൊള്ളുന്ന മനുഷ്യാവകാശരംഗത്തെ പോരാളിയാണ് എം.പി. വീരേന്ദ്രകുമാർ -മുഖ്യമന്ത്രി പറഞ്ഞു.

മന്ത്രി കെ.സി. ജോസഫ് അധ്യക്ഷത വഹിച്ചു. തങ്ങൾക്ക് ശരിയെന്നു തോന്നുന്നത് നിർഭയമായി പറയുന്ന എഴുത്തുകാരാണ് സക്കറിയയും വീരേന്ദ്രകുമാറുമെന്ന് അദ്ദേഹം പറഞ്ഞു. അക്കാദമിയുടെ വിശിഷ്ടാംഗത്വം സക്കറിയ, എം.പി. വീരേന്ദ്രകുമാർ എന്നിവർക്ക് മുഖ്യമന്ത്രി സമ്മാനിച്ചു. കാഷ് അവാർഡ്, സ്വർണ്ണപ്പതക്കം, ഫലകം, പ്രശസ്തിപത്രം, പൊന്നാട എന്നിവയും മുഖ്യമന്ത്രി ഇരുവർക്കും സമ്മാനിച്ചു.

സാഹിത്യ അക്കാദമി നിർവ്വാഹകസമിതി അംഗം വിജയലക്ഷ്മി ഇരുവരെയും പരിചയപ്പെടുത്തി. അക്ബർ കക്കട്ടിൽ പ്രശസ്തിപത്രാവതരണം നടത്തി. സമഗ്രസംഭാവനയ്ക്കുള്ള പുരസ്കാരം പ്രൊഫ. കെ.പി. ശങ്കരൻ, കരൂർ ശശി, ജി. പ്രിയദർശനൻ എന്നിവർക്ക് മന്ത്രി കെ.സി. ജോസഫ് സമർപ്പിച്ചു. കാഷ് അവാർഡ്, ഫലകം, പ്രശസ്തിപത്രം, പൊന്നാട എന്നിവ അടങ്ങുന്നതാണ് പുരസ്കാരങ്ങൾ. സമഗ്രസംഭാവനാ പുരസ്കാരജേതാക്കളെ അക്കാദമി അംഗം കൈനകരി ഷാജി പരിചയപ്പെടുത്തി. തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ. ആശംസാപ്രസംഗം നടത്തി.

സാഹിത്യ അക്കാദമി പ്രസിഡൻറ് പെരുമ്പടവം ശ്രീധരൻ സ്വാഗതം പറഞ്ഞു. പുരസ്കാരം ഏറ്റുവാങ്ങിയവർ മറുപടിപ്രസംഗം നടത്തി. അക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ നന്ദി പറഞ്ഞു.

## സക്കറിയയ്ക്കും വീരേന്ദ്രകുമാറിനും വിശിഷ്ടാംഗത്വം സമ്മാനിച്ചു




കേരള സാഹിത്യ അക്കാദമിയുടെ വിശിഷ്ടാംഗത്വം സക്കറിയ, എം.പി. വീരേന്ദ്രകുമാർ എന്നിവർക്ക് മുഖ്യമന്ത്രി ഉമ്മൻചാണ്ടി സമ്മാനിക്കുന്നു. അക്ബർ കക്കട്ടിൽ, തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ., മന്ത്രി കെ.സി. ജോസഫ്, സാഹിത്യ അക്കാദമി പ്രസിഡൻറ് പെരുമ്പടവം ശ്രീധരൻ, സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ എന്നിവർ സമീപം

## പുതിയ തലമുറയെ മലയാളം പഠിപ്പിക്കണം -എം.പി. വീരേന്ദ്രകുമാർ

മലയാളം ശ്രേഷ്ഠഭാഷയായതുകൊണ്ടുമാത്രം കാര്യമില്ലെന്നും വളരുന്ന തലമുറയെ മലയാളം പഠിപ്പിക്കാൻ നമുക്ക് കഴിയണമെന്നും മറുപടിപ്രസംഗത്തിൽ എം.പി. വീരേന്ദ്രകുമാർ പറഞ്ഞു. വ്യവസ്ഥകൾക്കുവേണ്ടിയാണ് മനുഷ്യൻ പോരാടിയത്. എന്നാൽ, വ്യവസ്ഥകൾ ഉണ്ടായപ്പോൾ മനുഷ്യൻ ഇല്ലാതായി. ഏതെങ്കിലും സമൂഹം ആത്യന്തികമായി മനുഷ്യനെ അടിച്ചമർത്തിയിട്ടുണ്ടോ അവിടെയെല്ലാം തകർച്ച ഉണ്ടായിട്ടുണ്ട്.

ഒരു മനുഷ്യൻ മാത്രം വ്യത്യസ്ത അഭിപ്രായം പറയുന്നതുകൊണ്ട് അവനെ തകർക്കാൻ ശ്രമിക്കുന്നത് ശരിയല്ല. ജനാധിപത്യത്തിൽ വിയോജിക്കാനുള്ള അവകാശവുമുണ്ട്. ചിന്തിക്കാനും വിശ്വസിക്കാനും സംഘടിക്കാനുമുള്ള അവകാശങ്ങൾ ഉണ്ട്. ഇത്തരം മനുഷ്യാവകാശങ്ങളെ എടുത്തുകളയാൻ പാടില്ല. ജീവിതം ഒരു അനുഭവമാണെന്ന് അറിഞ്ഞത് അടിയന്തരാവസ്ഥക്കാലത്ത് ജയിലിൽ കിടന്നപ്പോഴാണെന്ന് വീരേന്ദ്രകുമാർ പറഞ്ഞു.

